# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1954 12/02/2013 ൽ മറുപടിക്ക്

## അപ്രഖ്യാപിത നിയമന നിരോധനം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് അപ്രഖ്യാപിത നിയമന നിരോധനം നിലവിലുണ്ടോ എന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് നിയമന നിരോധനം നിലവിലില്ല. |
| (ബി) പരമാവധി നിയമനം 2013 ഏപ്രിൽ 1 ന് ശേഷം നൽകുന്നതിന് സർക്കാരിന്റെ ഭാഗത്തു നിന്ന് നീക്കമുണ്ടോ ; | (ബി) ലഭ്യമായ ഒഴിവുകളും. 2013 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ തന്നെ പി.എസ്.സിയിൽ നിന്ന് അഡ്വൈസ് ചെയ്യുന്നതിനും വകുപ്പുകളിൽനിന്ന് നിയമന നിർദ്ദേശം അയയ്ക്കുന്നതിനും കാലതാമസം നേരിടുന്നത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) എങ്കിൽ നിലവിലുള്ള എല്ലാ ഒഴിവുകളും റിപ്പോർട്ട്ചെയ്യുന്നതിനും അവയിൽ 2013 മാർച്ച് 31 നകം നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) ലഭ്യമായ എല്ലാ ഒഴിവുകളും പബ്ളിക് സർവ്വീസ് കമ്മീഷനെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ